ഹുസൈൻ രണ്ടത്താണി

**ടിപ്പുവിനെ കല്ലെറിയുന്നവരോട്**

ടിപ്പു സുൽതാനായിരുന്നു ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ ഏററവും വലിയ ശത്രു. പല തവണ ടിപ്പുവിനോട് പരാജയപ്പെട്ട ബ്രിട്ടീഷുകാർ അദ്ദേഹത്തെ കുരുക്കാൻ സർവ ചതി പ്രയോഗങ്ങളും നടത്തി. ക്രിസ്തു രാജ്യം മോഹിപ്പിച്ച് മംഗലാപുരം ഉൾക്കൊള്ളുന്ന ദക്ഷിണ കനറയിലെ കാത്തോലിക് ക്രിസ്തീയരെ ടിപ്പുവിനെതിരെ തിരിച്ചു. തിരുവിതാംകൂറിനെയും സ്വന്തം പാളയത്തിൽ അണിനിരത്തി. ജൻമിമാർക്ക് കൂടുതൽ വാഗ്ദാനങ്ങൾ കൊടുത്ത് കൂടെ നിറുത്തി. ടിപ്പുവിന്റെ തന്നെ മന്ത്രിമാരെയും പട്ടാള മേധാവികളേയും കൈക്കൂലി നല്കി വശീകരിച്ചു. മൈസൂർ രാജ്യം മറാത്തക്കാർക്കും നൈസാമിനും പകുത്ത് നല്കാമെന്ന് പറഞ്ഞ് അവരുടെ പിന്തുണ ഉറപ്പാക്കി. എല്ലാവരും കൂടി ടിപ്പുവിനെ പരാജയപ്പെടുത്തി. മൈസൂരിലെ ഹിന്ദുക്കളും പാലക്കാട്ടെ അച്ചൻമാരും, കോയമ്പത്തൂരിലെ നായ്ക്കൻമാരും, കർണാട്ടിക്കിലെ നവാബും, ഫ്രഞ്ചുകാരായ ക്രിസ്ത്യാനികളും ടിപ്പുവിനൊപ്പമുണ്ടായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ ഒന്നിച്ചു പൊരുതാമെന്ന് ഇന്ത്യൻ നാട്ടുരാജ്യങ്ങളോട് ടിപ്പു അഭ്യർഥിച്ചെങ്കിലും വളരേ കുറച്ച് പേർ മാത്രമാണ് സഹകരിച്ചത്. ഒടുവിൽ ബ്രിട്ടീഷുകാർക്കെതിരെ പൊരുതി മരിച്ച് ടിപ്പു സുൽതാൻ നമ്മുടെ സ്വാതന്ത്ര്യ സമരത്തിന് വീരേതിഹാസം രചിച്ചു. അതിനാൽ ദേശാഭിമാനികൾക്ക് ടിപ്പു എന്നും വീര പുത്രനാണ്.

ടിപ്പു ഒരു മുസൽമാനായത് കൊണ്ടാണ് അദ്ദേഹത്തെ അംഗീകരിക്കാൻ അംഗീകരിക്കാൻ മടിക്കുന്നതും, അദ്ദേഹത്തിന്റെ പടയോട്ടങ്ങൾക്ക് മതച്ചുവ നല്കുന്നതും. ടിപ്പുവിന് എല്ലാ മതക്കാരിലും ശത്രുക്കളുണ്ടായിരുന്നു. അതെല്ലാം രാഷ്ട്രീയപരമായ കാരണങ്ങളാലായിരുന്നു. ആരും ശത്രുവിന്റെ മതം നോക്കി പ്രതിരോധിക്കാറില്ല. യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ മതം നോക്കി വിധി നിർണയിക്കാനും കഴിയില്ല. തങ്ങളുടെ മുഖ്യ ശത്രുവിനെ മത ഭ്രാന്തനാക്കി അവമതിക്കാൻ ബ്രിട്ടീഷുകാരെഴുതി വച്ച കള്ളക്കഥകളാണ് സംഘ് പരിവാറുകാർക്കാധാരം. സംഘ് ബ്രിട്ടീഷുകാരുടെ കുഴലൂത്തുകാരായിരുന്നല്ലോ? ടിപ്പു രാഷ്ട്രീയമായാണ് കാര്യങ്ങളെ സമീപിച്ചത്. രാജ്യ ദ്രോഹികളെ അദ്ദേഹം ശിക്ഷിച്ചത് രാജധർമത്തിന്റെ ഭാഗമായാണ്. അവരിൽ ഹിന്ദുവും മുസൽമാനുമുണ്ടായിരുന്നു. മതം മാറാൻ തയാറായ തടവുകാരായ ഹിന്ദുക്കളെ അദ്ദേഹം തന്റെ കീഴിൽ വിവിധ പദവികളിൽ നിശ്ചയിച്ചു പോന്നു. തടവുകാർക്കാണ് അദ്ദേഹം മതം മാറാനുള്ള ഉപാധി വച്ചത്. മുസ്‌ലിം തടവുകാരോട് ഒരു ദാക്ഷിണ്യവും അദ്ദേഹം കാണിച്ചില്ല. എന്നാൽ രാജ്യത്തോട് കൂറു കാണിച്ച എല്ലാ ജനങ്ങൾക്കും അദ്ദേഹം അവരുടെ മത വിശ്വാസങ്ങൾ സംരക്ഷിച്ചു കൊടുത്തു. ജാത്യാചാരങ്ങൾക്കെതിരെ അദ്ദേഹം ശബ്ദിച്ചത് മതം മാററുക എന്ന നിലക്കല്ല. സംബന്ധം, മാറു മറക്കായ്ക, തൊട്ടു കൂടായ്മ എന്നിവ ഉപേക്ഷിക്കുന്നില്ലെങ്കിൽ ആ മനുഷ്യരെ ഇസ്‌ലാമിലേക്ക് മാററുമെന്ന് പറഞ്ഞതിനെ മത പരമായി വ്യാഖ്യാനിക്കേണ്ടതില്ല. അത് ജന്മിമാരോടുള്ള വെല്ലുവിളിയായിരുന്നു. മാറുമറച്ചപ്പോൾ ഉമ്മച്ചി എന്ന് വിളിച്ചാപേക്ഷിച്ച നായർ മേധാവികളെകുറിച്ച് എന്താണ് പറയുക? മാറു മറച്ചതിന്റെ പേരിൽ മുലയരിയാൻ വിധിച്ച ആററിങ്ങൽ റാണിയെ ഹിന്ദുവെന്ന് വിളിക്കാമോ? ജാതി നിയമങ്ങൾ ഉപേക്ഷിക്കേണ്ടി വരുമെന്നുള്ളതും തങ്ങൾ കൈയടക്കി വച്ചിരുന്ന ഭൂമി കർഷകർക്ക് നല്കുമെന്നുള്ളതും ഭയന്നാണ് മലബാറിലെ ജന്മിമാർ നാട് വിട്ടത്. അപ്പോഴും അവരുടെ ആരാധനാലയങ്ങളൊക്കെ ടിപ്പു സംരക്ഷിച്ച് നിറുത്തി. ക്ഷേത്രങ്ങൾക്ക് പ്രത്യേകം ഗ്രാന്റുകൾ പ്രഖ്യാപിച്ചു. അക്കാലത്ത് ജന്മി ദ്രോഹങ്ങളെ ഭയന്ന് നിരവധി കുടിയാൻമാർ സ്വമേധയാ മതം മാറിയിരുന്നു. ഇതിനൊക്കെ ആരെയാണ് കുററപ്പെടുത്തേണ്ടത്?

മാംഗളൂരിലേയും കനറയിലേയും കാത്തോലിക്കാ ക്രിസ്ത്യാനികൾ ബ്രിട്ടീഷ് പക്ഷം ചേർന്ന് ടിപ്പുവിനെതിരായി നില കൊണ്ടപ്പോൾ അവർക്കെതിരെ ടിപ്പു ശക്തമായ നടപടിയെടുത്തു. അവർ ടിപ്പുവിനൊപ്പം നിന്നപ്പോഴാവട്ടെ, അവർക്ക് തിരിച്ചു വരാനുള്ള ഗൗകര്യങ്ങളൊരുക്കിക്കൊടുത്തു. തകർക്കപ്പെട്ട ചർച്ചുകൾ പുനർ നിമിച്ചു കൊടുക്കുകയും ചെയ്തു. (എസ്.ഗിൽവ & ഫച്ച്സ്, ദയമാരേജ് കസ്ററംസ് ഓഫ് ക്രിസ്ററ്യൻസ് ഇൻ സൗത് കനറ, 1965,4). ഫ്രാൻസിൽ നിന്ന് വന്ന ക്രിസ്ത്യാനികളായ പട്ടാളത്തിന് വേണ്ടി ടിപ്പു തന്നെ നിർമിച്ചു കൊടുത്ത ചർച്ച് ഇപ്പോഴുമുണ്ടല്ലോ.

സിറിയൻ ആർമീനിയൻ ക്രിസ്ത്യാനികൾക്ക് ടിപ്പു സർവ സൗകര്യങ്ങളും ചെയ്തു കൊടുത്തല്ലോ. ഇവിടെയൊക്കെ എങ്ങനെയാണ് മത ഭ്രാന്ത് ആരോപിക്കുക?

**കള്ള രേഖകൾ**

ബ്രിട്ടീഷുകാർ ടിപ്പുവിനെതിരെ തുരു തുരെ കള്ളക്കഥകളുണ്ടാക്കി. ടിപ്പുവിന്റേതാണെന്ന് പറഞ്ഞ് പല കള്ളരേഖകളുമുണ്ടാക്കി. ടിപ്പു രക്ത സാക്ഷിയായപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തെ വേലൂരിലും പിന്നീട് കൊൽക്കത്തയിലും പാർപ്പിച്ചു. അവരെക്കൊണ്ട് തന്നെ നിർബന്ധിച്ച് കള്ളക്കഥകളെഴുതിച്ചു. ടിപ്പുവിന്റെ ജീവ ചരിത്രകാൻ കിർമാനിക്ക് പോലും കള്ളക്കഥ മെനയേണ്ടി വന്നു. മൈസൂർ കൊട്ടാരത്തിലെ രേഖകളെല്ലാം ഇംഗ്ലണ്ടിലേക്ക് കടത്തി. ഭാഗ്യത്തിന് അതൊന്നും കത്തിച്ചു കളഞ്ഞില്ല. അത് കൊണ്ട് ടിപ്പുവിന്റെ യഥാർഥ ചരിത്രം മണ്ണടിയാതെ നിന്നു. ടിപ്പുവിനെ കുറിച്ച് പുതിയ പഠനങ്ങൾ ബ്രിട്ടീഷുകാർ തന്നെ ഇറക്കിയിട്ടും അതൊന്നും ഹിന്ദുത്വ വാദികൾക്ക് വായിക്കാൻ നേരമില്ല. ഭരണ രംഗത്ത് ഏതെങ്കിലും മതത്തിന്റെ വക്താവായല്ല അദ്ദേഹം പ്രവർത്തിച്ചത്. ശത്രുക്കളായ തിരുവിതാംകൂർ ഹിന്ദു രാജാവിനോടും മുസ്‌ലിം നൈസാമിനോടും ഒരേ നിലപാട് തന്നെയാണ് സ്വീകരിച്ചത്. തന്നോട് യുദ്ധം ചെയ്ത മുസ്‌ലിം പട്ടാളക്കാർ മുസ്‌ലിമാണെന്ന് വച്ച് മതത്തിന്റെ പേരിൽ ഒരു ദാക്ഷിണ്യവും ടിപ്പു കാണിച്ചിട്ടില്ല. അതേ സമയം ഹിന്ദുതടവുകാർക്ക് മതം മാറിയാൽ രക്ഷപ്പെടാമെന്ന ഓപ്ഷൻ കൊടുത്തിരുന്നു. ഇതെങ്ങനെയാണ് ഹിന്ദു വിരോധമായി കാണുക? ശത്രുവിന്റെ മതം നോക്കിയാണോ യുദ്ധം ചെയ്യാറ്?

സാമൂതിരിയും വള്ളുവനാട് രാജാക്കൻമാരും തമ്മിലുണ്ടായ യുദ്ധകാലത്ത് രണ്ട് പക്ഷത്തും മരിച്ചു വീണ നായന്മാർക്ക് കൈയും കണക്കുമുണ്ടോ? സാമൂതിരിയുടെ സൈന്യം എത്ര ക്രൂരമായാണ് വള്ളുവ രാജാവിന്റെ നായർപടയാളികളെ കൊന്നൊടുക്കിയത്. മാമാങ്കം മഹോത്സവ കാലത്ത് മാത്രം മരണം വരിച്ചവരെത്രയാണ്? എന്നിട്ടും സാമൂതിരി ക്രൂരനോ മതഭ്രാന്തനോ ആയിട്ടില്ലല്ലോ? മൈസൂർ സുൽതാന്മാരുമായി യുദ്ധംചെയ്തവർ നായന്മാരായത് കൊണ്ട് അവർ കൊല്ലപ്പെട്ടിരിക്കാം. മൈസൂർ സൈന്യത്തിലും ഒട്ടേറെഹിന്ദുക്കളുണ്ടായിരുന്നു. നായന്മാരുടെ വെട്ടേററ് അവരും മരിച്ചിട്ടുണ്ട്. ടിപ്പു മുസൽമാനായത് കൊണ്ട് ഇതൊക്കെ മതത്തിന്റെ പേരിൽ വ്യാഖ്യാനിച്ചെടുത്ത് സാഹസം കാട്ടുന്നവർ പൂർവികരുടെ ത്യാഗബോധത്തേയും ദേശാഭിമാനത്തേയുമാണ് അപമാനിക്കുന്നത്. ഇംഗ്ലീഷുകാരേയും മറാഠരേയും നൈസാമിനേയും തോല്പിക്കുന്നതിന് ശൃംഗേരി മഠത്തിൽ സുൽതാന്‌വേണ്ടി ശതചണ്ഡീ ഹോമവും സഹസ്ര ചണ്ഡീ ജപവും നടത്തി. ശ്രംഗേരി മഠാധിപതികളും ബ്രാഹ്മണരും പ്രത്യേകം പ്രാർഥിച്ചു. ഹിന്ദുക്കൾ ടിപ്പുവിനോടൊപ്പമായിരുന്നു എന്ന് വ്യക്തം. സംഘ് പരിവാർ ഇതെങ്ങനെ സഹിക്കാനാണ്? ശ്രംഗേരി മഠം നശിപ്പിച്ച് അവിടത്തെ ശാരദാ ദേവിയുടെ വിഗ്രഹം രഘുനാഥ് റാവുവിന്റെ നേതൃത്വത്തിൽ മറാഠികൾ കവർന്ന് കൊണ്ടു പോയപ്പോൾ ടിപ്പു സുൽതാൻ മഠം പുനർ നിർമിച്ച് വിഗ്രഹത്തിന്റെ പുനഃ പ്രതിഷ്ഠ നടത്താൻ സർവ ചെലവുകളും നല്കി. ഒപ്പം സുൽതാന്റെ വക ബ്രാഹ്മണർക്ക് ഊട്ടും കൊടുത്തു.

**ക്ഷേത്രങ്ങളുടെ സംരക്ഷണം**

രാജധർമത്തിന്റെ ഭാഗമായി തന്നോട് കൂറ് പുലർത്തിയ എല്ലാ മതക്കാരുടേയും ആരാധനാ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ ടിപ്പു ബാധ്യസ്ഥനായിരുന്നു. മൈസൂർ ഗസററിന്റെ എഡിററർ ശ്രീ കണ്ഠയ്യ മൈസൂരിൽ മാത്രം ടിപ്പു ഗ്രാന്റ് നല്കിയിരുന്ന 150 ക്ഷേത്രങ്ങളെപററി പറയുന്നുണ്ട്. 1782നും 1790നും ഇടക്ക് തന്റെ രാജ്യത്ത് ക്ഷേത്രങ്ങൾക്ക് ഭൂമി നല്കിയതിന്റെ 34 ആധാരങ്ങൾ നമുടെ മുമ്പിലുണ്ട്. 1785 മുതൽ ശൃംഗേരി മഠത്തിന് അദ്ദേഹം പല വക ദാനങ്ങൾ നല്കിപ്പോന്നു. മഠത്തിലെ ജഗത് ഗുരുവുമായുള്ള കത്തിടപാടുകൾ ഭാഗ്യത്തിന് നശിപ്പിക്കപ്പെട്ടില്ല. തന്റെ രാജ്യത്തെ ഉന്നത ബ്രാഹ്മണരായ കൃഷ്ണ റാവു, ഷമയ്യ അയ്യങ്കാർ, രങ്ക അയ്യങ്കാർ, പൂർണയ്യ, മൂൽ ചന്ദ്, സുബൻ റായ് , സുബ്ബ റാവു തുടങ്ങിയവരെ ഉന്നതസ്ഥാനങ്ങളിൽ അദ്ദേഹം നിയമിച്ചു. സാലെററർ, ടിടി.ഷർമ, ചന്ന ബാസപ്പ, പാട്ടീൽ പുട്ടാപ്പ, ചന്ദ്ര ശേഖര പാട്ടീൽ തുടങ്ങിയ പ്രാദേശിക ചരിത്രകാരൻമാരൊക്കെ ടിപ്പുവിനെ ഹിന്ദു ധർമത്തിന്റെ സംരക്ഷകനായാണ് വാഴ്ത്തുന്നത്. നഞ്ചം കുണ്ട് ക്ഷേത്രം, രംഗ നാഥ ക്ഷേത്രം, മേലുക്കോട്ട് ക്ഷേതം, തിരുപ്പതി വെങ്കട രാമണ ക്ഷേത്രം., കാഞ്ചീ പുരം

ഏകംഭരേശ്വരസ്വാമീ ക്ഷേത്രം, അഞ്ജനേയ സ്വാമീ ക്ഷേതം, ഗട്ടുപേട്ട് നര സിംഹ സ്വാമീ ക്ഷേത്രം, മഞ്ചൂർ ചെന്നകേശസ്വാമീ ക്ഷേത്രം, പ്രസന്ന വേങ്കടേശ്വര ക്ഷേത്രം, തുടങ്ങിയ ക്ഷേത്രങ്ങൾക്ക് ഗ്രാന്റുകളും പൂജാരിമാർക്ക് സ്റ്റൈപ്പന്റും നല്കി. ക്ഷേത്രങ്ങൾക്ക് സ്വർണംകൊണ്ടും വെള്ളി കൊണ്ടുമുള്ള കപ്പുകൾ സുത്തതാൻ ദാനം നല്കാറുണ്ടായിരുന്നു. പല ക്ഷേത്രങ്ങളിലും ഇപ്പോഴുമവ ആദരവോടെ സൂക്ഷിക്കുന്നു. നഞ്ച ഗുഡിലെ ശ്രീ കണ്ഠേശ്വര ക്ഷേത്രത്തിന് ടിപ്പു നല്കിയ രത്നം പതിച്ച കപ്പ് ഉത്സവ വേളകളിൽ പ്രദർശിപ്പിക്കുന്നു. തന്റെ കൊട്ടാരത്തിനടുത്തുള്ള ക്ഷേത്രങ്ങളിലേക്ക് അദ്ദേഹം വഴിപാടുകൾ കൊടുത്തയക്കുമായിരുന്നു. ഇത്തരത്തിൽ തന്റെ രാജ്യ ധർമം നില നിറുത്തിയ ടിപ്പുവിനെ മത ഭ്രാന്തനാക്കാൻ തെല്ല് തൊലിക്കട്ടി തന്നെ വേണം.

യുദ്ധ വേളകളിൽ ക്ഷേത്രങ്ങൾ ആക്രമിക്കപ്പെട്ടിരിക്കാം. ഇതൊന്നും മത നയത്തിന്റെ ഭാഗമല്ല. എന്നാൽ എവിടെ ക്ഷേത്രം പൊളിഞ്ഞു കിടക്കുന്നത് കണ്ടാലും അത് ടിപ്പു ചെയ്തതാണെന്ന് പ്രചരിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുകയാണ് സംഘ് പരിവാർ. ഇവരുടെ പൂർവികരായ ബ്രാഹ്മണർ കാണിച്ച പേക്കൂത്തുകൾ സഹിക്ക വയ്യാഞ്ഞിട്ടാണ് നിരവധി പേർ മതം മാറിയത്. വാള് കൊണ്ട് മതം മാററി എന്ന് പറയുന്നവർ മലബാറിലെ ചരിത്രം മാത്രമൊന്ന് വായിച്ചാൽ മതി. വിവേകാനന്ദ സ്വാമികൾ ഭ്രാന്താലയമെന്ന് വിളിച്ചത് ഈ മലബാറിനെയാണെന്നോർക്കണം. കേരളത്തിലും നിരവധി ക്ഷേത്രങ്ങൾക്ക് ടിപ്പു സുൽതാൻ ഇനാം നല്കിയതിന്റെ രേഖകൾ കോഴിക്കോട് ആർക്കൈവ്സിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. താനൂരിലെ കേരളാധീശ്വരപുര ക്ഷേത്രത്തിന് മാത്രമായി ആയിരം ഏക്കർ ഭൂമിയാണ് നല്കിയത്. എന്നിട്ടും ആ ക്ഷേത്രം ടിപ്പുവിന്റെ ആളുകൾ നശിപ്പിച്ചു എന്ന് പ്രചരിപ്പിക്കപ്പെട്ടു. അനിയന്ത്രിതമായ സംബന്ധ സമ്പ്രദായം കണ്ടപ്പോൾ അതിനെതിരായ നിയമങ്ങൾക്ക് ടിപ്പു ശുപാർശ ചെയ്തത് ഹിന്ദു മത വിരോധം കൊണ്ടാണോ? സ്ത്രീകളോട് മാറു മറക്കാൻ പറഞ്ഞതും കോടതിയിലേക്ക് വരാൻ എല്ലാവരോടും കല്പിച്ചതും ജാതി സമ്പ്രദായത്തെ വിമർശച്ചതുമെല്ലാം മത ഭ്രാന്ത് കൊണ്ടാണോ? അങ്ങനേയെങ്കിൽ ഇതേ ലക്ഷ്യത്തിന് മുന്നിട്ട് നിന്ന ഹൈന്ദവ പരിഷ്കർത്താക്കളെ എന്ത് നാം വിളിക്കും? ഹൈന്ദവരിൽ നിന്ന് തന്നെ വരേണ്ട മത പരിഷ്കരണം ടിപ്പു എന്ന മുസൽമാൻ ഏററെടുത്തത് ശരിയായില്ല എന്നാണഭിപ്രായമാണെങ്കിൽ അത് സമ്മതിക്കാം. എന്നാലും സുൽതാനെ മത ഭ്രാന്തനെന്ന് വിളിക്കാമോ? ജനക്ഷേമത്തിന് വേണ്ടി നിയമങ്ങൾ കൊണ്ടു വന്നപ്പോൾ തകർന്നത് സാധരാണക്കാരെ ചൂഷണം ചെയ്ത ജന്മിയുടെ അപ്രമാദിത്യമാണ്. ,ഡോ.കെ.കെ.എൻ കുറുപ്പ് അഭിപ്രായപ്പെട്ടത് പോലെ “മധ്യ കാലീനമായ ഒരു ജന സമൂഹത്തിൽ ആധുനികതയുടെ ശുകനക്ഷത്രം പോലെ പ്രകാശോജ്ജ്വലമായ ഭരണ രീതിയായിരീന്നു സുൽതാൻ നടപ്പാക്കിയത്.” ഇത് പലർക്കും ദഹിക്കാതിരുന്നിട്ടുണ്ടെങ്കിൽ അത് ആ വിഭാഗത്തിന്റെ ചൂഷണത്തിനുള്ള അവകാശം നഷ്ടപ്പെട്ടപ്പോഴാണ്. അതിനെ ഒരു വിധേനയും മതവുമായി കൂട്ടിക്കുഴക്കേണ്ടതില്ല.

1930ൽ മഹാത്മാ ഗാന്ധി യങ് ഇന്ത്യയിൽ ടിപ്പുവിനെക്കുറിച്ചെഴുതി: ‘ടിപ്പു ക്ഷേത്രങ്ങൾക്ക് നിർലോപമായ സഹായങ്ങൾ നല്കി. തന്റെ തലസ്ഥാനത്തിന് സമീപമുള്ള ശ്രീ വെങ്കിട്ട രമണ, ശ്രീ രങ്ക നാഥ, ശ്രനിവാസ എന്നീ ക്ഷേത്രങ്ങൾക്കും മററും അദ്ദേഹം സഹായം നല്കിപ്പോന്നു. അദ്ദേഹത്തിന്റെ വിശാലമായ സഹിഷ്ണുതക്ക് ഇവ ഇന്നും സാക്ഷിയാണ്. സ്വാതന്ത്ര്യന്റെ കാര്യത്തിൽ അദ്ദേഹം ഒരു തികഞ്ഞ രക്തസാക്ഷി തന്നെയാണ്. ക്ഷേത്ര മണികളിൽ നിന്നുള്ള ശബ്ദം അദ്ദേഹത്തിന്റെ പ്രാർഥനകളെ ഒരിക്കലും അലോസരപ്പെടുത്തിയില്ല. അദ്ദേഹവും അതേ ദൈവത്തിന്റെ ആരാധകനായിരുന്നല്ലോ. ’

കന്നട ഭാഷയെ സമ്പന്നമാക്കുന്നതിനായി അദ്ദേഹം പേർഷ്യൻ കൃതികൾ പലതും കന്നടയിലാക്കാൻ ഏർപ്പാടാക്കി. സർക്കാർ കാര്യങ്ങൾ പേർഷ്യൻ രീതിയിലാണ് നടപ്പാക്കിയത്. ഭരണ വ്യവസ്ഥയും നിയമ വ്യവസ്ഥയും റവന്യൂ വ്യവസ്ഥകളുമെല്ലാം അങ്ങനെ തന്നെ. അതാണ് പിന്നീട് ബ്രിട്ടീഷുകാരും ഇന്ത്യൻ സർക്കാറും തുടർന്നത്. താലൂക്കും, ജില്ലയും, നികുതിയും, രശീതും, ആമേനും, ജപ്തിയും, വസൂലും, പ്രമാണവും, ഹർജിയും, തസ്തികയും മരാമത്തും, മുൻസിഫുമെല്ലാം ഇന്നും തുടരുന്നത് ടിപ്പുവിന്റെ പരാമ്പര്യം ഏററെടുത്ത് കൊണ്ട് തന്നെയാണ്. 9995946382

==================================================